**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 862 04/03/2020-ലെ മറുപടി**

**കിഫ്ബി മുഖേന കുടിവെള്ള പദ്ധതികൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **പ്രൊഫ.കെ.യു. അരുണൻ** | | **ശ്രീ. കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പമന്ത്രി)** |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കിഫ്ബി മുഖേന എത്ര കോടി രൂപയുടെ കുടിവെള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദവിവരം നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കിഫ്ബിയിൽ നിന്നും 69 പദ്ധതികൾക്കായി 4351.553 കോടി രൂപയുടെ ധനസഹായ അനുമതി ലഭ്യമായിട്ടുണ്ട്. 2016-17-ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച 23 കുടിവെള്ള പദ്ധതികൾക്ക് 1257.1 കോടി രൂപയുടെ ഭരണാനുമതിയും കിഫ്ബിയുടെ ധനസഹായ അനുമതിയും ലഭ്യമായിട്ടുണ്ട്. ഇവയിൽ 6 പദ്ധതികൾ പൂർത്തീകരിച്ചു കഴിഞ്ഞു. കൂടാതെ നിലവിലുള്ള പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി കിഫ്ബിയിൽ നിന്നും 382.64 കോടി രൂപ്യുടെ ധനസഹായ അനുമതി ലഭ്യമായിട്ടുണ്ട്. ഈ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരികയാണ്. കൂടാതെ കിഫ്ബി 2017-18 ൽ ഉൾപ്പെടുത്തി 34 കുടിവെള്ള പദ്ധതികൾക്ക് 2391.406 കോടി രൂപയുടെ ധനസഹായ അനുമതിയും കിഫ്ബി 2018-19 ൽ ഉൾപ്പെടുത്തി 2 കുടിവെള്ള പദ്ധതികൾക്ക് 320.407 കോടി രൂപ്യുടെ ധനസഹായ അനുമതിയും ലഭ്യമായിട്ടുണ്ട് . മേൽ പറഞ്ഞ പദ്ധതികളിൽ നിർമ്മാണപ്രവർത്തനങ്ങൾക്കാവശ്യമായ ഭൂമി ഇതുവരെ ലഭ്യമാകാത്ത പദ്ധതികളൊഴികെ ശേഷിക്കുന്ന പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരികയാണ്. |
| ബി) | കിഫ്ബി മുഖാന്തരം ഈ സാമ്പത്തിക വർഷം അനുവദിച്ച കുടിവെള്ള പദ്ധതികളുടെ വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ? | ബി) | കിഫ്ബി മുഖാന്തരം ഈ സാമ്പത്തിക വർഷം അനുവദിച്ച കുടിവെള്ള പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം -2 ൽ ചേർക്കുന്നു. |

Renuka Sankar

**സെക്ഷൻ ഓഫീസർ**

VSQN 862

| അനുബന്ധം-2 | | |
|---|---|---|
| **ക്രമ നമ്പർ** | **പദ്ധതിയുടെ പേര്** | കിഫ്ബി ഭരണാനുമതി തുക (കോടിയിൽ) |
| | തിരുവനന്തപുരം | |
| 1 | തിരുവനന്തപുരം നെയ്യാർ ബദൽ സ്രോതസ്സ് | 206.962 |
| 2 | കാരോട് പഞ്ചായത്തിലേക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി | 89.189 |
| 3 | അതിയന്നൂർ, കോട്ടുകൽ പഞ്ചായത്തുകളിലേക്കുള്ള ശുദ്ധീകരിച്ച ജലവിതരണ പദ്ധതി | 25.49 |
| 4 | കിഴക്കൻ മല ജലവിതരണ പദ്ധതി | 43.09 |
| | എറണാകുളം | |
| 5 | കരുമാളൂർ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി | 37.485 |
| | ആലപ്പുഴ | |
| 6 | കുട്ടനാട് കുടിവെള്ള പദ്ധതി - രണ്ടാം ഘട്ടം | 289.54 |
| 7 | ആലപ്പുഴ മുനിസിപ്പാലിറ്റിക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ വിപുലീകരണം-ശേഷിക്കുന്ന പ്രവർത്തികൾ | 211.709 |
| 8 | ആലാ-പുലിയൂർ, ബുധനൂർ,പാണ്ടനാട് ,മുളക്കുഴ,വെണ്മണി പഞ്ചായത്തുകൾക്കും ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയ്ക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി | 199.13 |
| | കോട്ടയം | |
| 9 | ഏറ്റുമാനൂർ കുടിവെള്ള പദ്ധതി | 93.225 |
| | മലപ്പുറം | |
| 10 | കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ വിപുലീകരണം | 108.698 |
| | ആകെ തുക | **1304.518** |

Renuka Sankar
സെക്ഷൻ ഓഫീസർ